# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 7**

---

## സർട്ടിഫിക്കറ്റ് കോഴ്സുകളിൽ സ്പോട്ട് അഡ്മിഷൻ

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ മാർച്ച് 25 വരെ സ്പോട്ട് അഡ്മിഷൻ നടത്തും.*

*യോഗിക് സയൻസ്, അപ്ലൈഡ് ക്രിമിനോളജി ആൻഡ് സൈബർ ഫോറൻസിക്സ്, ഓർഗാനിക് ഫാമിംഗ് എന്നിവയാണ് കോഴ്സുകൾ.*

*പ്ലസ് ടൂ അല്ലെങ്കിൽ പ്രീഡിഗ്രി യോഗ്യതയുള്ളവർക്ക് യോഗിക് സയൻസ്, അപ്ലൈഡ് ക്രിമിനോളജി ആന്റ് സൈബർ ഫോറൻസിക് കോഴ്സുകളിൽ ചേരാം. മലയാളം എഴുതാനും വായിക്കാനും അറിയാവുന്നവർക്ക് ഓർഗാനിക് ഫാമിംഗ് കോഴ്സ് പഠിക്കാം.*

*താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളുമായി വകുപ്പിൽ എത്തണം. ഫോൺ - 0481-2733399, 08301000560 വെബ് സൈറ്റ്-* www.dlle.mgu.ac.in

*(പി.ആർ.ഒ/39/1358/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎ(ലാംഗ്വേജസ്-ഇംഗ്ലീഷ്, എംഎസ്സി ബേസിക് സയൻസ്( ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ഇന്റഗ്രേറ്റഡ് എംഎസ്സി കമ്പ്യൂട്ടർ സയൻസ്(ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്) പരീക്ഷകൾക്ക്(2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സ*

*പ്ലിമെന്ററി) മാർച്ച് 17വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 18നും സൂപ്പർ ഫൈനോടുകൂടി മാർച്ച് 19നും അപേക്ഷ സ്വീകരിക്കും.*

..................................

*മൂന്നാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 27 മുതൽ നടക്കും. മാർച്ച് 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 17 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 18 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1359/2025)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ്(സിബിസിഎസ്(സ്പെഷ്യൽ റീ അപ്പിയറൻസ്- 2022 അഡ്മിഷൻ ബാച്ചിലെ തോന്ന വിദ്യാർഥികൾക്കു മാത്രം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 12ന് മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും.*

...............................

*ഒന്നാം സെമസ്റ്റർ മാസ്റ്റേഴ്സ് ഓഫ് ഹോട്ടൽ മാനേജ്മെന്റ് (സിഎസ്എസ് 2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീഅപ്പിയറൻസും ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 10 മുതൽ സൂര്യനെല്ലി മൗണ്ട് റോയൽ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1360/2025)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിഎസ്ഡബ്ല്യു (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്റ്റ് വൈവ വോസി പരീക്ഷ ഏപ്രിൽ ഏഴു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1361/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**